# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുമാറാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി9)1768/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുമാറാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി9)1768/22 തീയ്യതി: 07/12/2022

# എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയ ബീവി ജെ,ഓഡിറ്റ് ഓഫീസർ

ശ്രീ ഹരീഷ്ബാബു എൻ,അസിസ്റ്റന്റ് ഓഫീസർ

ശ്രീമതി കവിത എസ് കണ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ നബീൽ മുഹമ്മദ് അബ്ബാസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ മുരളീധരകൈമൾ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ പി ആർ മോഹൻകുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മനോജ് എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ജിജി ടി കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ സാവിത്രി കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ ജോർലിൻ ജോസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ സൂര്യമോൾ വി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ സഫ്ന ഐസക് | വെറ്ററിനറി സർജൻ | 01-04-2021 | 10-11-2021 |
| ഡോ ഷിബു തങ്കച്ചൻ | വെറ്ററിനറി സർജൻ | 11-11-2021 | 31-03-2022 |
| ശ്രീമതി രാജി കെ ആർ | വി.ഇ.ഒ(തിരുമാറാടി സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി സൗമ്യ ശശിധരൻ | വി.ഇ.ഒ(ഒലിയപ്പുറം സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീദേവി എ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി തങ്കമണി | ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ.പി.എസ്,കാക്കൂർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | FTEAOS ലൈസൻസ് ഫീസ് -അപാകതകൾ | 1-11 |
| 13 | മരുന്ന് പൂർണമായി ലഭ്യമായില്ല (ഹോമിയോ) | 1-12 |
| 14 | മരുന്ന് പൂർണമായി ലഭ്യമായില്ല (എഫ്.എച്ച്.സി) | 1-12-1 |
| 15 | മരുന്ന് ലഭ്യമായില്ല (ആയുർവേദം) | 1-12-2 |
| 16 | പാലിയേറ്റീവ് കെയർ | 1-13 |
| 17 | അനുപൂരക പോഷകാഹാര പദ്ധതി-ബാധകമല്ലാത്ത ജി.എസ്.ടി അനുവദിച്ചു | 1-14 |
| 18 | ലൈഫ് പദ്ധതി | 1-15 |
| 19 | സർക്കാർ ഉത്തരവിനു വിരുദ്ധമായി ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റി | 1-16 |
| 20 | ഗ്രാമസഭ | 1-17 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല(കേരള വാട്ടർ അതോറിറ്റി) | 1-18 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല(ഐ.കെ.എം) | 1-19 |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല(ഇറിഗേഷൻ വകുപ്പ്) | 1-20 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(ജില്ലാ പഞ്ചായത്ത്) | 1-21 |
| 25 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-22 |
| 26 | വാതിൽപ്പടി സേവന പദ്ധതി പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 23.02.2021 തീരുമാനം 1(1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 24.03.2022 ൽ 1(1)-ാം തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 193838000.00 | 66751772.00 |
| ചെലവ് | 192854120.00 | 70132953.00 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 30.07.2022 ന് തന്നെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1) ഷെഡ്യൂൾ B-3- Capital Contribution ഇനത്തിൽ 2020-21 സാമ്പത്തിക വർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല. സാംഖ്യ സെല്ലിന്റെ തീരുമാന പ്രകാരം Consolidated Fund ൽ നിന്നും ആസ്തി രൂപീകരണത്തിനായി ചെലവഴിക്കുന്ന തുക Capital Contribution ഹെഡിലേക്ക് മാറ്റാറില്ല എന്ന മറുപടിയാണ് ലഭിച്ചത്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ട പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) ഷെഡ്യൂൾ B-4- Contribution For Joint Venture Projects- (For Capital Expenditure)-from Block Panchayat (Code No- 320700104) എന്ന ഇനത്തിൽ 788257/-രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. പ്രോജക്ടിന്റെ നിർവ്വഹണശേഷം നീക്കിയിരിപ്പുള്ള തുകയാണിതെങ്കിൽ തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ ഒടുക്കുവരുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. തുക അടവാക്കുന്നതാണെന്ന് അറിയിച്ചു. തുക എത്രയും വേഗം അടച്ച് വിവരം അറിയിക്കേണ്ടതാണ്.

3) ഷെഡ്യൂൾ B-4- Contribution For Joint Venture Projects- (For Revenue Expenditure)-from District Panchayats (Code No- 320700205) എന്ന ഇനത്തിനിൽ 65500/-രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണശേഷം നീക്കിയിരിപ്പുള്ള തുകയാണ്. പദ്ധതികൾ പൂർത്തീകരിച്ചെങ്കിൽ ടി തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ ഒടുക്കുവരുത്തേണ്ടതാണ്. തുക അടവാക്കുന്നതാണെന്ന് അറിയിച്ചു. തുക എത്രയും വേഗം അടച്ച് വിവരം അറിയിക്കേണ്ടതാണ്.

4) സംയുക്ത പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും റവന്യൂ, ക്യാപിറ്റൽ എന്നീ ഇനങ്ങൾക്കായി ലഭിച്ച തുകയുടെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരിപ്പും (₹885222), ഷെഡ്യൂൾ B-17 ലെ ജോയിന്റ് വെഞ്ചർ ട്രഷറി സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും(₹899908) തമ്മിൽ പൊരുത്തപ്പെടുന്നില്ല. 14686/-രൂപയുടെ വ്യത്യാസം 2022-23 സാമ്പത്തിക വർഷം ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു. തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

5) ബി 4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 26600/-രൂപ നീക്കിയിരിപ്പുണ്ട്. ബയോകമ്പോസ്റ്റർ ബിൻ എന്ന പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച തുകയാണിത്. ഈ പ്രോജക്ട് നാളിതു വരെയും പൂർത്തീകരിക്കാത്തതിനാൽ തുക ബി 4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുണ്ടായതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക മുഴുവൻ ചെലവഴിക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. തുക ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്.

6) ഷെഡ്യൂൾ B-9- Recoveries Payable-Other Recoveries From Employees എന്ന ഇനത്തിൽ ബാദ്ധ്യതയായി കാണിച്ചിരിക്കുന്നത് 9000/-രൂപയാണ്. ടി തുക 2021-22 സാമ്പത്തിക വർഷം ഓണം

അഡ്വാൻസിനത്തിൽ അധികമായി ജീവനക്കാരിൽ നിന്നും ഈടാക്കിയ തുകയാണ്. ഈ തുക 2022-23 സാമ്പത്തിക വർഷം തിരികെ നൽകിയിട്ടുണ്ട്. മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

7) ഷെഡ്യൂൾ B-9- Refund Of Unutilised Grants Of Prior Period എന്ന ഇനത്തിൽ ബാദ്ധ്യതയായി 25,390/-രൂപ ചേർത്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നൽകിയ തുകയിൽ അക്കൌണ്ടുകൾ തെറ്റായതിനെ തുടർന്ന് ട്രഷറി സസ്പെൻസ് അക്കൌണ്ടിൽ നിന്നും പഞ്ചായത്തിലേക്ക് തിരികെ വന്ന തുകയാണിതെന്ന് അറിയിച്ചു. സംയുക്ത പ്രോജക്ടുകൾക്കായി അനുവദിച്ചതിൽ തിരികെ ലഭിച്ച തുക സർക്കാരിലേക്ക് അടയ്ക്കുന്നതാണെന്നും വ്യക്തമാക്കുകയുണ്ടായി. തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

8) ഷെഡ്യൂൾ B-9- Liability In Respect Of Stale Cheque എന്ന ഇനത്തിൽ 5174/- രൂപയുണ്ട്. ടി തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ടി തുക തനത് വരുമാനത്തിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചു. തുക തനത് വരുമാനത്തിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

9) ഷെഡ്യൂൾ B-18:- Advance To Implementing Agencies-Deposit With KWA, Deposit With KSEB,Advance To Other Accredited Agencies എന്നീ ഇനങ്ങളിൽ യഥാക്രമം ₹508028, ₹38026, ₹830000 വീതം ബാലൻസ് ഉണ്ട്. മേൽ ഏജൻസികൾ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റേണ്ടതാണ്. ധന വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ആസ്തിയായി ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചു. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

10) വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.

11) സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനം, ഭൂമിയുടെ മൂല്യം തുടങ്ങിയ മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. B-11 Schedule ന് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 26.07.2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

12) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

13) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2), 62(f) എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

14) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.

15) ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളിലെ ഹെഡ് 340200199 -Other Deposits പ്രകാരമുള്ള 376/-രൂപ വിവിധ ഹെഡുകളിലെ അധികമുള്ള തുകകൾ എന്നാണ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ നിന്നും പ്രസ്തുത തുക ഏതൊക്കെ ഹെഡുകളിൽ അധികമുള്ള തുകകളാണ് എന്ന് വ്യക്തമല്ല. ലഭിച്ച മറുപടിയിൽ ടി തുക ഫോറസ്റ്റ് വകുപ്പിലേക്ക് അടയ്ക്കാനുള്ളതാണെന്ന് വ്യക്തമാക്കി. തുക അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

16) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

17) ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021-22 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, ഹോണറേറിയം, വാഹന ഇന്ധനച്ചെലവ്,കരാർ ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്ക് 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

18) ഷെഡ്യൂൾ B-11:- Roads Mettalled,New Culverts എന്നീ ഇനങ്ങളിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. കൽവർട്ടുകൾ പുതുതായി നിർമ്മിക്കുകയും, റോഡുകൾ പുതിയതായി മെറ്റൽ നിർമ്മാണം നടത്തിയെങ്കിലും ആസ്തിയിൽ മാറ്റം വരുത്തിയില്ല.

19) ഷെഡ്യൂൾ RP-18ൽ Roads-Giving Additional Price For Bitumen എന്നയിനത്തിൽ 454920/-രൂപ ചെലവുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൻവർഷം ബിറ്റുമിൻ വാങ്ങിയിട്ടില്ല. ഈ അപാകത പരിഹരിക്കേണ്ടതാണ്.

20) പ്ലാൻ ഹെഡുകൾ എല്ലാം തന്നെ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് കൃത്യമാക്കി വെയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.06/27.09.2022) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7557354.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 66751772.00 |
| ആകെ | 74309126.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 70132953.00 |
| നീക്കിയിരിപ്പ് | 4176173.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4316969 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കിയിരുപ്പ് | ബാലൻസ്/ ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9033733 | 9033733 | 9033733 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3472600 | 3472600 | 3441333 | 0 | 31267 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 20049000 | 20049000 | 17901474 | 0 | 2147526 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5064730 | 5064730 | 4853319 | 0 | 211411 |
| ധനകാര്യ കമ്മീഷൻ അവാർഡ് (UnTied) | 0 | 1983000 | 1983000 | 1983000 | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 2974000 | 2974000 | 2974000 | | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട്- | | | | | | |
| LAD | 36512 | 0 | 36512 | | 36512 | |
| ICDS | 263616 | 508013 | 771629 | 765326 | 6303 | |

വികസന ഫണ്ട് ജനറൽ, എസ്, സി, പി ഗ്രാന്റ്കളിലെ ആകെ ചെലവിൽ താഴെപ്പറയുന്നവയും ഉൾപ്പെടുന്നു.

G.O പ്രോജക്ട് – 870667, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ – 744600
G.O പ്രോജക്ട് – 3026671/-

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 86248612 | 105 | 51555343 | 0 | 25 | 80.76 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5613 | 1017736 | 1023349 | 1023348 | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 33497990 | 33497990 | 33497990 | 0 |
| ആകെ | 5613 | 34515726 | 34521339 | 34521338 | 1 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4925300 | 303 |
| വിധവാപെൻഷൻ | 9439500 | 597 |
| വാർദ്ധക്യകാലപെൻഷൻ | 27943500 | 1848 |
| വികലാംഗപെൻഷൻ | 2767900 | 176 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 1082400 | 68 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2022 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8003 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നീ നിർദ്ദേശങ്ങളൊന്നും ഇല്ല. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 26 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ട്.

<u>കൺട്രോൾ ഓവർ അക്കൗണ്ട്</u>

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ

എൻട്രികൾ അതതു സമയത്തെ മേലുദ്യോഗസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ക്യാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെയ്ക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ച് വരുന്നത്.

ഡി.സി.ബി. വരവുകളിന്മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൻ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യേഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.09.2021 | ഒക്ടോബർ 2020 മുതൽ ഒക്ടോബർ 2021 | 28.04.2022 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2018 | 2016-17 | 04.08.2018 |

1-11 FTEAOS ലൈസൻസ് ഫീസ് -അപാകതകൾ

1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 7,18,19,20,21എന്നീ ചട്ടങ്ങൾ പ്രകാരം പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും II,III,IV എന്നീ പട്ടികകളിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത നിരക്കിലുള്ള തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. മേൽ ചട്ടങ്ങൾ മുഖാന്തിരം ഗ്രാമ പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ സംബന്ധിക്കുന്ന വിവരങ്ങൾ, കമ്മറ്റി അംഗീകൃത തീരുമാനങ്ങൾ എന്നിവ ഹാജരാക്കിയില്ല. ആയതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വ്യത്യസ്തമായ ഫീസ് നിരക്കുകൾ നിശ്ചയിച്ചതിന്റെ കാരണം വ്യക്തമല്ല.

2) ലൈസൻസ് അപേക്ഷകളിലെ അപാകതകൾ

എ) എ3-58/22 തീയതി 04.01.2022 എന്ന നമ്പർ അപേക്ഷ പ്രകാരം മിഥുൻ മോഹനൻ എന്ന ലൈസൻസിക്ക് സോളാർ വാട്ടർ ഹീറ്റർ സ്റ്റോക്ക് ചെയ്യുന്നതിനായി 07.02.2022 മുതൽ 31.03.2022 വരെ കാലാവധിയിൽ ലൈസൻസ് നൽകിയിട്ടുള്ളതാണ്. എന്നാൽ ലൈസൻസി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തിരുമാറാടി വില്ലേജിലെ 186/2-3 സർവ്വേ നമ്പറിൽ 6-ാം വാർഡിൽ നിലനിൽക്കുന്ന 188/A എന്ന നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാണ് ലൈസൻസ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ മുഖാന്തിരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 188/A എന്ന നമ്പർ നൽകിയിട്ടുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത് തിരുമാറാടി വില്ലേജിലെ ലാൻഡ് റവന്യൂ വകുപ്പ് രസീത് നമ്പർ:കെ എൽ 07070302936/2021പ്രകാരം 186/3-4-2, സർവ്വേ നമ്പറിൽ ഉൾപ്പെട്ട 81 സ്ക്വ.മീ പുരയിടമായിട്ടുള്ള സ്ഥലത്താണ്. കൂടാതെ മേൽ രസീത് നമ്പർ പ്രകാരമുള്ള 3ആർ, 84സ്ക്വ.മീ സ്ഥലം നിലം എന്ന വിഭാഗത്തിൽപ്പെടുന്നതായിട്ടാണ് രേഖകളിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ നിയമാനുസൃതമായ കെട്ടിടത്തിൽ തന്നെയാണോ സ്ഥാപനം പ്രവർത്തിക്കുന്നത് എന്നതിന് അവ്യക്തത നിലനിൽക്കുന്ന സാഹചര്യത്തിൽ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല.

ബി) കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ 12-ാം ചട്ടം (5)-ാം ഉപചട്ടത്തിൽ വിവരിക്കുന്ന എ, ബി, ഡി എന്നീ ഖണ്ഡങ്ങൾ പ്രകാരം പട്ടിക V, IV ൽ പ്രതിപാദിക്കുന്ന ക്ലിയറൻസ് ആവശ്യമായതും, അഗ്നിശമന സേനാ വകുപ്പിൽ നിന്നും ക്ലിയറൻസ് ആവശ്യമുള്ളതുമായ വിവിധങ്ങളായ വ്യവസായങ്ങൾക്ക് യതൊരു രേഖകളും കൂടാതെ ലൈസൻസ് അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

സി) മൂലധന നിക്ഷേപം, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളിലെ ആകെ ജോലിക്കാരുടെ എണ്ണം, അപേക്ഷയിൽ രേഖപെടുത്തേണ്ട മറ്റ് വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്താത്ത അപേക്ഷകർക്ക് ഫീസ് നിശ്ചയിച്ച് തുക ഈടാക്കി ലൈസൻസ് അനുവദിച്ചതിന്റെ അടിസ്ഥാനമെന്താണെന്നതിന് വിശദീകരികരണം ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് 29.02.2022- തീയതിയിൽ നൽകിയ 13-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) പ്രകാരം ലൈസൻസ് അപേക്ഷകരിൽ നിന്ന് ചട്ടം 7 പ്രകാരമുള്ള ഫീസും,കൂടാതെ ബാധകമായവയിൽ നിന്ന് ചട്ടം 17, ചട്ടം 18, ചട്ടം 20, ചട്ടം 21 എന്നിവ മുഖാന്തിരം പരമാവധിയിൽ കവിയാൻ പാടില്ലാത്ത ഫീസ് ഈടാക്കുന്നതിനായി ലൈസൻസ് ഫീസ് നിരക്കുകൾ നിശ്ചയിക്കേണ്ടതും ആയത് കൃത്യമായി ഈടാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള ലൈസൻസ് അപേക്ഷകളിലെ അപാകതകൾ ((എ), (ബി)) സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വ്യക്തത ഉറപ്പുവരുത്തേണ്ടതും മേൽ സൂചിപ്പിച്ച എല്ലാ അപാകതകളും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുംവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12 മരുന്ന് പൂർണമായി ലഭ്യമായില്ല (ഹോമിയോ)

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ, 76/2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 150000/- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| ചെലവ് (ബിൽ നം,തീയതി) | 150000/- BRN-21120652099900226934/23.07.2021 |

ഹോമിയോ ഡിസ്‌പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി ആവിഷ്കരിച്ച മേൽ പ്രോജക്ട് മുഖേന 150000/-രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയിരുന്നു (പ്രൊഫോർമ ഇൻവോയിസ് നം-PF-329/23.07.2021) ഈ തുകയിലെ 84014/-രൂപയ്ക്കുള്ള മരുന്നുകൾ 12.07.2022 തീയതിയിൽ ലഭ്യമായിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള (65,986/-രൂപ) മരുന്നുകൾ ലഭ്യമായിട്ടില്ല (എൻക്വയറി നം-14/29.09.22) ഹോംകോയിൽ നിന്നും ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കുന്നത് വരെ 65,986/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

### 1-12-1 മരുന്ന് പൂർണമായി ലഭ്യമായില്ല (എഫ്.എച്ച്.സി)

| | |
|---|---|
| പ്രോജക്ട് | 81/22,<br>കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | 3,99,999/- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| നിർവഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| ചെലവ് (ബിൽ നം,തീയതി) | 3,99,999/-<br>1)16997-BRN-2112065200010011253/09.06.21<br>2)14999-BRN-2112065200100276141/07.08.21<br>3)14999-BRN-2112065200100584845/28.10.21<br>4)300000-BRN-2112065200100644947/12.11.21<br>5)14999-BRN-2112065200100698050/24.11.21<br>6)14997-BRN-2112065200100710443/26.11.21<br>7)14950-BRN-2112065200100900238/07.01.22<br>8)8058-BRN-2112065200101042625/01.02.22 |

എഫ്.എച്ച്.സിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 27.10.2021 തീയതിയിലെ പ്രൊഫോർമ ഇൻവോയിസ് (നം-PF-2961) അനുസരിച്ച് 3,00,000/-രൂപ (പട്ടിക, ക്രമ.നം-4) മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയതിൽ 188765/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി തുകയ്ക്കുള്ള (1,11,235/-) മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട എൻക്വയറിയ്ക്ക് (നം-10/28.09.22) മറുപടി നൽകിയില്ല. കെ.എം.എസ്.സി.എല്ലിൽ നിന്നും ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കുന്നത് വരെ 1,11,235/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

### 1-12-2 മരുന്ന് ലഭ്യമായില്ല (ആയുർവേദം)

| | |
|---|---|
| പ്രോജക്ട് | 09/22<br>ആയുർവേദ ആശുപത്രിക്ക് മരുന്നവാങ്ങൽ, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | 17,01,751/-<br>മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| ചെലവ്<br>(ബിൽ നം,തീയതി) | 17,01,751/-<br>BRN-2112065200201379745/18.03.22 |

മണ്ണുത്തുർ ആയുർവേദ ഡിസ്‌പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 17.02.22 തീയതിയിലെ പ്രൊഫോർമ ഇൻവോയിസ് (നം-PF-152151) അനുസരിച്ച് 17,01,751/-രൂപ ഔഷധിയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിന് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-10/28.09.22) മറുപടിയായി 2020-21 വർഷം ലഭ്യമായ 27.5 ലക്ഷം രൂപയുടെ മരുന്നുകൾ ഇഷ്യൂ ചെയ്ത് തീരാത്തതിനാലും സ്ഥാപനത്തിൽ സ്റ്റോറേജ് സ്പേസ് കുറവായതിനാലും ഈ വർഷത്തെ മരുന്നുകൾ താമസിച്ച് മതിയെന്ന് ഔഷധിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് മരുന്ന് ലഭ്യമാകാതിരുന്നതെന്ന് വിശദീകരിച്ചു. ഈ കാരണത്താൽ തന്നെ 2022-23 വർഷം ഔഷധങ്ങൾ ആവശ്യപ്പെട്ടിട്ടില്ലായെന്നും 17,01,751/- രൂപയുടെ മരുന്നുകൾ സപ്ലൈ ചെയ്യുവാൻ ഔഷധിക്ക് രേഖ മൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ വ്യക്തമാക്കി. ആവശ്യകത നിർണ്ണയിച്ചതിന് ശേഷം മാത്രം മരുന്ന് വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കുന്നത് വരെ ചെലവ് തുകയായ 17,01,751/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-13 പാലിയേറ്റീവ് കെയർ

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് കെയർ, 83/22 |
| അടങ്കൽ | 7,00,000/- (വികസന ഫണ്ട് ) |

| | |
|---|---|
| ചെലവ് | 6,54,743/-<br>1)32387-BRN-211206520001008 6235/26.5.21<br>2)35580-BRN-211206520001001 12560/9.6.21<br>3)35608-BRN-211206520001001 93990/12.7.21<br>4)36480-BRN-211206520001002 76144/7.8.21<br>5)33553-BRN-211206520001004 06735/14.9.21<br>6)36690-BRN-211206520001005 84858/28.10.21<br>7)29315-BRN-211206520001006 44979/12.11.21<br>8)37626-BRN-211206520001007 28654/30.11.21<br>9)37790-BRN-211206520001009 00241/7.1.22<br>10)87360-BRN-211206520001009 00237/7.1.22<br>11)75497-BRN-211206520001009 00235/7.1.22<br>12)57951-BRN-211206520001009 83266/20.1.22<br>13)35400-BRN-211206520001009 91491/22.1.22<br>14)39491-BRN-211206520001010 84705/9.2.22<br>15)44015-BRN-211206520001012 39884/3.3.22 |

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി,തിരുമാറാടി) നിർവഹണം നടത്തിയ മേൽ പ്രോജക്റ്റ് പരിശോധിച്ചതിലെ അപാകതകൾ താഴെപ്പറയുന്നു.

എ) എട്ട് രോഗികളെയെങ്കിലും സന്ദർശിക്കാവുന്ന വിധത്തിലാണ് ഹോം കെയർ സംവിധാനം ക്രമീകരിക്കേണ്ടത് (പാലിയേറ്റീവ് മാർഗരേഖ ഖണ്ഡിക-2.4.1) എന്നാൽ ഹോംകെയർ റിപ്പോർട്ട് ബുക്ക് പരിശോധിച്ചതിൽ അഞ്ചെണ്ണത്തിൽ താഴെ രോഗികളെയാണ് ഭൂരിഭാഗം ദിവസങ്ങളിലും ഹോം കെയർ ടീം സന്ദർശിച്ചതായി കാണുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| മാസം | തീയതി, സന്ദർശിച്ച രോഗികളുടെ എണ്ണം |
|---|---|
| ഏപ്രിൽ | 19.4.22-3, 20.4.22-2, 27.4.22-3 |
| മെയ്- | 3.5.22-3, 12.5.22-2 |
| ജൂൺ- | 7.6.22-1, 28.6.22-2 |
| ജൂലൈ | 9.7.22-2, 12.7.22-3, 14.7.22-3, 21.7.22-3, 22.7.22-3, 26.7.22 -3 |
| ആഗസ്റ്റ് | 3.8.22-1, 4.8.22-2, 10.8.22-2 |
| സെപ്റ്റംബർ | 3.9.22-3, 22.9.22-3 |

ബി) ഹോംകെയർ റിപ്പോർട്ട് ബുക്കിൽ അതത് ദിവസത്തെ ഗൃഹ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. (പാലിയേറ്റീവ് മാർഗരേഖ ഖണ്ഡിക-2.6.4). എന്നാൽ ബുക്ക് പരിശോധിച്ചതിൽ മെയ് മാസം 17.5.22, 18.5.22, 24.5.22 ദിവസങ്ങളിൽ റിപ്പോർട്ട് എഴുതിയിട്ടില്ല.

സി) വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 87360/-രൂപ (പട്ടിക-1,ക്രമ.നം-10) മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്(പ്രൊഫോർമ ഇൻവോയിസ് -PRF-4235/20.12.21). വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)വീൽചെയർ- 10 എണ്ണം
2)എയർ ബെഡ്- 10 എണ്ണം
3)ഫോൾഡിംഗ് വാക്കർ- 15 എണ്ണം
4)ഡയപ്പർ (ലാർജ്-10, മീഡിയം-10)- 20 എണ്ണം

ആയവ ലഭ്യമായതിന്റേയും ക്രമ നമ്പർ 1,2,3 ൽ സൂചിപ്പിച്ചിട്ടുള്ളവ രോഗികൾക്ക് വിതരണം ചെയ്തതിന്റേയും രേഖകൾ (സബ് സ്റ്റോക്ക് രജിസ്റ്റർ) ഹാജരാക്കിയിട്ടില്ല.

ഡി) രണ്ട് ഫോൾഡബിൾ ടൈപ്പ് ഹോസ്പിറ്റൽ കോട്ട് ( 35400/-രൂപ) LORDTIP എന്ന സ്ഥാപനത്തിൽ നിന്നും (പട്ടിക-1,ക്രമ.നം-13) പത്ത് കമോഡ് ചെയർ (57951/-രൂപ) സപ്ലൈകോയിൽ നിന്നും (പട്ടിക-1,ക്രമ.നം-12) വാങ്ങിയിട്ടുണ്ട്. ഹോസ്പിറ്റൽ കോട്ട് 15.01.22 തീയതിയിലും കമോഡ് ചെയർ 11.01.22 തീയതിയിലും പാലിയേറ്റീവ് നഴ്സിന് കൈമാറിയിട്ടുണ്ട്. ഇവ രോഗികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ (സബ് സ്റ്റോക്ക് രജിസ്റ്റർ-പാലിയേറ്റീവ് മാർഗരേഖ ഖണ്ഡിക-2.7.2) ഹാജരാക്കിയിട്ടില്ല്ല.

മേൽ അപാകതകൾ വിശദീകരിക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-15/29.09.22) മറുപടി നൽകിയില്ല. പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഉപകരണങ്ങൾ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 180711/- (87360+93351) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-14 അനുപൂരക പോഷകാഹാര പദ്ധതി-ബാധകമല്ലാത്ത ജി.എസ്.ടി അനുവദിച്ച

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അനുപൂരക പോഷകാഹാര പദ്ധതി |
| പ്രോജക്ട് നമ്പർ | 5/22 |
| അടങ്കൽ | 16,00,000/-<br>8,00,000 (വികസന ഫണ്ട്)<br>8,00,000 (കേന്ദ്ര ഫണ്ട്) |
| ചെലവ് | 15,65,326/-<br>8,00,000 (വികസന ഫണ്ട്)<br>7,65,326 (കേന്ദ്ര ഫണ്ട്)<br>വികസന ഫണ്ട്<br>1)2,21,160-1/21-22, 22.6.21<br>2)2,95,543-2/21-22, 20.7.21<br>3)2,41,726-6/21-22, 6.9.21<br>4)41,571-7/21-22, 9.9.21<br>കേന്ദ്ര ഫണ്ട്<br>1)3,51,998-94924/22.12.21<br>2)1,73,690-343772/7.3.22<br>3)2,39,638-343773/26.3.22 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.06.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.06.2021ലെ 149/05/2021-ാം നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബിൽ പരിശോധിച്ചതിൽ 73.50/കിലോഗ്രാം ആണ് ന്യൂട്രിമിക്സിന്റെ ബില്ലിൽ ഈടാക്കിയിരിക്കുന്നത്. സ.ഉ(സാധാ)നം.1450/2018 ത.സ്വ.ഭ.വ തീയതി.25.05.2018 പ്രകാരം ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് 73.50/കിലോഗ്രാം. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽനം,തീയതി | അളവ് | ജി.എസ്.ടി |
|---|---|---|---|
| 1 | 5/12.4.21 | 858 | 3003 |
| 2 | 15/4.5.21 | 849 | 2971 |
| 3 | 26/8.6.21 | 840 | 2940 |
| 4 | 38/7.7.21 | 837 | 2930 |
| 5 | 69/9.9.21 | 840 | 2940 |
| 6 | 81/13.10.21 | 819 | 2867 |
| 7 | 96/19.11.21 | 795 | 2783 |
| 8 | 81/13.10.21 | 819 | 2867 |
| 9 | 96/19.11.21 | 795 | 2783 |
| 10 | 110/29.12.21 | 816 | 2856 |
| 11 | 124/28.1.22 | 813 | 2846 |

| | | | |
|---|---|---|---|
| | ആകെ | | 31786 |

വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-16/29.9.22) മറുപടി നൽകിയില്ല. ബാധകമല്ലാത്ത ജി.എസ്.ടി നൽകിയത് (31786/-) തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ ജി.എസ്.ടി റഗുലർ ആണോ കോമ്പൗണ്ടഡ് ആണോ എന്ന് പരിശോധിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തിനാൽ സ്ഥാപനം ജി.എസ്.ടി ഇനത്തിൽ വിലയ്ക്കൊപ്പം ഈടാക്കിയിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനായി രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്ന് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈഫ് പദ്ധതി

പഞ്ചായത്തിൽ ലൈഫ് പദ്ധതി മുഖേന ഭവനനിർമാണ ധനസഹായം നൽകുന്നതിലേയ്ക്ക് താഴെപ്പറയും പ്രകാരം മൂന്ന് പ്രോജക്ടുകൾ നിർവഹണോദ്യോഗസ്ഥയായ (വി.ഇ.ഒ തിരുമാറാടി സർക്കിൾ) 2021-22 വർഷം നടപ്പാക്കിയിട്ടുണ്ട്.

| | പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | ലൈഫ് ഭവനപദ്ധതി, 28/22 | 6000000 | 550000 |
| 2 | ലൈഫ് ഭവനപദ്ധതി എസ്.സി 137/22(so) | 1720000 | 1560000 |
| 3 | ലൈഫ് ഭവനപദ്ധതി എസ്.സി 26/22 | 9600000 | 3440000 |

ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. നിലവിൽ രണ്ടാം ഘട്ടമാണ് നടന്നുകൊണ്ടിരിക്കുന്നത്. ലൈഫ് (ജനറൽ), ലൈഫ് എസ്.സി , ലൈഫ് എസ്.സി (അഡീഷണൽ), എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് പ്രോജക്ട് നടപ്പിലാക്കുന്നത്. മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതും കരാർ ചമച്ച് അഡ്വാൻസ് തുക കൈപ്പറ്റാത്തതും വിവിധ ഗഡുക്കൾ കൈപ്പറ്റി നിലവിലും നിർമാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഭാഗം | | |
|---|---|---|
| ലൈഫ് (ജനറൽ) | ലൈഫ് (എസ്.സി) | ലൈഫ് എസ്.സി (അഡീഷണൽ) |
| കരാർ ചമച്ച ആകെ ഗുണഭോക്താക്കൾ-19<br>നിർമാണം പൂർത്തിയാക്കിയവർ-18<br>ബാക്കി-1 | കരാർ ചമച്ച ആകെ ഗുണഭോക്താക്കൾ-7<br>നിർമാണം പൂർത്തിയാക്കിയവർ-6<br>ബാക്കി-1 | കരാർ ചമച്ച ആകെ ഗുണഭോക്താക്കൾ-19<br>നിർമാണം പൂർത്തിയാക്കിയവർ-15<br>ബാക്കി-4 |
| 1)മേരി ജോസ് അമ്മിണിശ്ശേരിൽ | 1)വിവിൽ മണിയൻ കണ്ടംകുളങ്ങര | 1)അനിത ബിനു മീൻകുഴിക്കൽ<br>2)രാമചന്ദ്രൻ കുറ്റിക്കോട്ടയിൽ<br>3)ജയകുമാർ കടപ്ലാവിൽ<br>4)ലീല വി.സി വെളിയത്താഴത്ത് |

മേൽപ്പറഞ്ഞവരിൽ ജനറൽ വിഭാഗത്തിൽ മേരി ജോസ് എന്ന ഗുണഭോക്താവ് ഭിത്തിപ്പൊക്കം വരെ നിർമാണം നടത്തിയിട്ടുണ്ട്. എസ്.സി വിഭാഗത്തിലെ ഗുണഭോക്താവായ വിവിൽ അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും (16.3.21) അടുത്തഘട്ടം ആരംഭിച്ചിട്ടില്ല. അഡീഷണൽ വിഭാഗത്തിൽ ക്രമ നം 1, 2 ൽ സൂചിപ്പിച്ചിട്ടുള്ളവർ മേൽക്കൂര വരെ നിർമിച്ചിട്ടുണ്ട്. ക്രമ.നം 3 ലിന്റലും ക്രമ.നം 4 കരാർ ചമച്ചെങ്കിലും വിവിധ കാരണങ്ങളാൽ അഡ്വാൻസ് തുക കൈപ്പറ്റി നിർമാണം ആരംഭിച്ചിട്ടില്ല. അവസ്ഥ വിശകലനം നടത്തി മേൽ ഗുണഭോക്താക്കളുടെ ഭവനനിർമാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-16 സർക്കാർ ഉത്തരവിനു വിരുദ്ധമായി ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റി

2021-22 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് ജീവനക്കാർ താഴെ പറയുന്ന സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റിയിട്ടുണ്ട്.

ഉത്തരവുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം അടുത്ത 3 മാസത്തേക്ക് മാറ്റി വെച്ച് കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 16.04.2020 മുതൽ 3 മാസത്തേക്ക് ഈ അവകാശം മാറ്റിവെക്കുന്നു എന്നായിരുന്നു സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത്. 27.04.2020-ലെ GO(P) No. 49/2020/Fin. പ്രകാരം താൽക്കാലിക ജീവനക്കാരെക്കൂടി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

1) 17.07.2020-ലെ GO(P) No.94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ ഉത്തരവ് പ്രകാരമുള്ള കാലാവധി 15.09.2020 വരെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2) മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവമ്പർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

3) എന്നാൽ, ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റാനുള്ള അവകാശം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

4) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ പണമാക്കി മാറ്റുന്നതിനുള്ള ആർജിതാവധി സറണ്ടർ ആനുകൂല്യം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെയും സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന 10 ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയതുക | വൗച്ചർനം&തീയതി |
|---|---|---|---|---|
| 1 | മോഹൻകുമാർ | സെക്രട്ടറി | 81696/- | 22100206 /2.6.21 |
| 2 | മനോജ് എം.എസ് | അസി.സെക്രട്ടറി | 59829/- | 22100204 /2.6.21 |
| 3 | അനിത പി.കെ | അക്കൗണ്ടന്റ് | 54390/- | -- |
| 4 | സതീഷ് തമ്പി | ഹെഡ്ക്ളാർക്ക് | 57054/- | -- |
| 5 | സിന്ധു റ്റി.വി. | സീനി. ക്ളാർക്ക് | 51837/- | -- |
| 6 | റെജി വി.ജോസഫ് | സീനി. ക്ളാർക്ക് | 49395/- | -- |
| 7 | ജയശ്രീ | സീനി. ക്ളാർക്ക് | 43623/- | 22100265 /21.6.21 |
| 8 | സ്വപ്ന റ്റി.എസ് | ക്ളാർക്ക് | 45843/- | 22100204 /2.6.21 |
| 9 | സന്തോഷ് കെ.കെ | ക്ളാർക്ക് | 58386/- | -- |
| 10 | അനൂപ് പൗലോസ് | ക്ളാർക്ക് | 44733/- | -- |
| | | ആകെ | 546786/- | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 546786/-രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22-ലെ ആർജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക കൈപ്പറ്റിയതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/28.09.22)ലഭ്യമാക്കിയ മറുപടിയിൽ ആർജിതാവധി പണമാക്കി മാറ്റിയ തീയതിയിൽ സറണ്ടർ അനുവദിക്കരുത് എന്ന് ഉത്തരവുകൾ ഒന്നും ഇല്ലാതിരുന്നതിനാലാണ്

ആർജിതാവധി പണമാക്കി മാറ്റിയത് എന്നുമാണ് പറഞ്ഞിരിക്കുന്നത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി നൽകിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നതിന് വിധേയമായി ചെലവ് തുക 5,46,786/-രൂപ തടസ്സപ്പെടുത്തുന്നു.

1-17 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടിയിട്ടില്ല.

1-18 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല(കേരള വാട്ടർ അതോറിറ്റി)

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയും പ്രകാരമുള്ള തുക കേരള വാട്ടർ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്റ്റ് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിട്ടി, മൂവാറ്റുപുഴ | മണിമലക്കുന്ന് ചെള്ളയ്ക്കാപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ,160/22 | 3,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 3,00,000/- | 402/ 04.02.2022 |
| കേരളാ വാട്ടർ അതോറിട്ടി,മൂവാറ്റുപുഴ | മണിമലക്കുന്ന് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ,177/22 | 140,000/-(തനത് ഫണ്ട്) | 138,000/- | 401/ 04.02.2022 |
| | | ആകെ | 4,38,000/- | |

മേൽ പരാമർശിത പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.01/25.09.2022)ലഭിച്ച മറുപടിയിൽ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭിയ്ക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതു വരെ ഈയിനത്തിൽ ഉണ്ടായിട്ടുള്ള 4,38,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-19 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല(ഐ.കെ.എം)

സെക്രട്ടറി നിർവ്വഹണം നടത്തിയ ഐ.കെ.എമ്മിന് വിഹിതം നൽകൽ എന്ന പ്രോജക്ടിന്റെ ഭാഗമായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്റ്റ് | ആകെ അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| ഐ കെ എം | ഐ കെ എം വിഹിതം നൽകൽ, 03/22 | 100000/-(വികസന ഫണ്ട് -സാധാരണ വിഹിതം) | 100000/- | 36 /16.07.2021 |
| | | ആകെ | 100000 | |

മേൽ പരാമർശിത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.01/25.09.2022)ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിയ്ക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതു വരെ ഈയിനത്തിൽ ഉണ്ടായിട്ടുള്ള 100,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-20 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല(ഇറിഗേഷൻ വകുപ്പ്)

സെക്രട്ടറി നിർവ്വഹണം നടത്തിയ പള്ളിപ്പാലം ചിറ മെറ്റാലിക്ക് ഷട്ടർ സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ ഭാഗമായി ഇറിഗേഷൻ വകുപ്പിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ | പ്രൊജക്റ്റ് | ആകെ | മുൻകൂർ | ബിൽ നമ്പർ/ |
|---|---|---|---|---|

| സ്ഥാപനം | | അടങ്കൽ | നൽകിയ തുക | തീയതി |
|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ് | പള്ളിപ്പാലം ചിറ മെറ്റാലിക്ക് ഷട്ടർ സ്ഥാപിക്കൽ,159/22 | 1142000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1142000/- | ചെലാൻ നം. 128 തീയതി 25.12.2021 |
| | | ആകെ | 1142000 | |

മേൽ പരാമർശിത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.01/25.09.2022)ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിയ്ക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതു വരെ ഈയിനത്തിൽ ഉണ്ടായിട്ടുള്ള 11,42,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(ജില്ലാ പഞ്ചായത്ത്)

1)

| | |
|---|---|
| പ്രോജക്ട് | സ്ട്രങ്ങ്തനിംഗ് ഓഫ് ഏർലി ഇൻവെൻഷൻ സെന്റർ,44/22 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 20,000/-(വികസന ഫണ്ട്) |
| ചെലവ് വിവരം | 20,000/ -(ബിൽ നമ്പർ/തീയതി.243/18.01.22) |

2)

| | |
|---|---|
| പ്രോജക്ട് | നിർധനരായ ഡയാലിസിസ് രോഗികൾക്ക് ചികിൽസാ ധനസഹായം,43/22 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 70,000/-(തനത് ഫണ്ട്) |
| ചെലവ് വിവരം | 10,500/-(ബിൽ നമ്പർ/തീയതി.244/18.01.22) |

മേൽ പദ്ധതികളുടെ നടത്തിപ്പിനായി 30500/-രൂപ ജില്ലാ പഞ്ചാത്തിന് കൈമാറിയതായി കാണുന്നു എങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.03/26.09.2022)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാം എന്നാണ് അറിയിച്ചത്. വിനിയോഗ വിവരം ലഭ്യമാകുന്നതു വരെ 30500/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | സ്മാർട്ട് ഗാർബേജ് സിസ്റ്റം,158/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 222,400 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം | 192896/-(ബിൽ നം/തീയതി.55/16.09.22) |

ജി.ഒ(ആർ.ടി) നം 2307/2021/എൽ.എസ്.ജി.ഡി തീയതി 18.11.2021 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം,പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്,തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും പ്രൊജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താഴെ സൂചിപ്പിച്ചിട്ടുള്ള നിരക്കുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനായി പ്രൊജക്ട് ഏറ്റെടുക്കുന്നതിന് ആദ്യ ഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അത്തരത്തിൽ തിരുമാറാടി

ഗ്രാമപഞ്ചായത്തും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

| കെൽട്രോണിന് സർവ്വീസ് ചാർജ്ജ് | QR കോഡ് തുക | SMS തുക | ലാപ് ടോപ്പ് മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 115000 | 20700 | 7200 | 49996 | 192896 |

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെൽട്രോണിന് സർവ്വീസ് ചാർജിനത്തിൽ 115000/-രൂപയും,QR കോഡ് തുകയിനത്തിൽ 20700/-രൂപയും,SMS തുകയിനത്തിൽ 7200/-രൂപയും ഉൾപ്പെടെ ആകെ 142900/-രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.04/26.09.2022)നൽകിയതിന് മറുപടി ലഭിച്ചില്ല.
സംസ്ഥാന സർക്കാരിനൊപ്പം തദ്ദേശസ്ഥാപനങ്ങളും ശുചിത്വ മിഷനും നവകേരളമിഷനും സംയോജിച്ചു കൊണ്ട് മാലിന്യപരിപാലന സംവിധാനം മെച്ചപ്പെടുത്തുവാൻ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. ഓൺലൈനിലും ഓഫ്‌ലൈനിലും പ്രവർത്തിക്കുമെന്നറിയിച്ചിട്ടുള്ള ഈ സംവിധാനം പൂർണമായി ഇൻസ്റ്റാൾ ചെയ്യപ്പെടുന്നതോടെ ഉപഭോക്താക്കളുടെ വിവരങ്ങൾ, മാലിന്യ നീക്കം, മാലിന്യ സംസ്കരണ നടപടികൾ, സർവീസ് നടത്തുമ്പോൾ പരാതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തൽ, യൂസർ ഫീ വിവരങ്ങൾ എന്നിവ ലഭ്യമാകുമെന്നാണ് സർവീസ് പ്രൊവൈഡറായ കെൽട്രോൺ വ്യക്തമാക്കിയിട്ടുള്ളത്. പരിശീലന ഘട്ടം കഴിഞ്ഞ് ക്യൂആർ കോഡ് സ്ഥാപിക്കുന്ന ഘട്ടത്തിലാണ് ഓഡിറ്റ് വർഷം പദ്ധതി എത്തിയിട്ടുള്ളത്. പരീക്ഷണാടിസ്ഥാനത്തിൽ ഒരു വാർഡിൽ മാത്രം സ്ഥാപിച്ച ക്യൂആർ കോഡ് ഇനി മുഴുവൻ വാർഡുകളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. ഹരിതകർമസേനയ്ക്കും ഗ്രാമപഞ്ചായത്തിനും പൊതുജനങ്ങൾക്കും ഒരുപോലെ സഹായകമാകുന്ന, മാലിന്യപരിപാലന സംവിധാനത്തിന്റെ എല്ലാ ഘട്ടങ്ങളും തൽക്ഷണം നിരീക്ഷണ വിധേയമാക്കുവാൻ കഴിയുന്ന ഈ പ്രോജക്ടിന്റെ തുടർ നടപടികൾ സമയബന്ധിതമായി നടപ്പാക്കി പദ്ധതി പൂർത്തീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 വാതിൽപ്പടി സേവന പദ്ധതി പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | വാതിൽപ്പടി സേവന പദ്ധതി,157/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 100000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് വിവരം | 73735/-(ബിൽ നം/തീയതി.57/16.09.22) |

സ.ഉ(സാധാ) നം 1066/2021/ത.സ്വ.ഭ.വ തീയതി 31.05.2021 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവന പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേക പ്രോജക്ട് തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്രം തുടങ്ങി വിവധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്ക് ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹിക സുരക്ഷാ പെൻഷൻ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻ രക്ഷാ മരുന്നുകൾ, മസ്റ്ററിംഗ് എന്നിവ നടത്തുന്നതിന് കുടുംബശ്രീ ആരോഗ്യ വോളണ്ടിയർ, എ.സി.എസ് വോളണ്ടിയർ, അങ്കണവാടി, ആശാവർക്കർമാർ, പാലിയേറ്റീവ് പ്രവർത്തകർ എന്നിവരുടെ സേവനം വിനിയോഗിക്കേണ്ടതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്പ്ടോപ്പ്, ടാബ്, ഫിംഗർ പ്രിന്റ് റീഡർ എന്നിവ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.12/28.09.2022)നൽകിയതിന് മറുപടി ലഭിച്ചില്ല. ഈ പദ്ധതിയിൽ നിർദ്ദേശിച്ച പ്രകാരമുള്ള സേവനങ്ങൾ തദ്ദേശ വാസികൾക്ക് ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നമ്പർ, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | - | 31465 | - | 0 | 31465 |
| | 2018-19 | 771200 | എം.ആർ.എഫ് സെന്ററിലേയ്ക്ക് വാഹനം വാങ്ങൽ | 0 | 771200 |
| | | 17057 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്-ബ്ലോക്ക് വിഹിതം | 0 | 17057 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 250000 | 06/22-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 360000 | 26/22- ലൈഫ് ഭവന നിർമ്മാണം-ഫേസ് 2(എസ് സി) | 360000 | 0 |
| | | 449531 | 10/22-പാൽ സബ്സിഡി | 449531 | 0 |
| ആകെ | | 1879253 | ആകെ | 1759531 | 819722 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 65500 | 61/19,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 65500 |
| | 2021-22 | 250000 | 06/22-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 580000 | 26/22- ലൈഫ് ഭവന പദ്ധതി | 580000 | 0 |
| | | 160000 | 28/22- ലൈഫ് ഭവന നിർമ്മാണം-ഫേസ് 2(ജനറൽ) | 160000 | 0 |
| | | 320000 | 137/22- ലൈഫ് ഭവന നിർമ്മാണം-ഫേസ് 2(എസ് സി) | 320000 | 0 |
| | | 588768 | 08/22-നെൽകൃഷി വികസനം | 588768 | 0 |
| | | 228500 | 10/22-പാൽ സബ്സിഡി | 228500 | 0 |
| ആകെ | | 2192768 | ആകെ | 2127268 | 65500 |

ബ്ലോക്ക് പഞ്ചായത്ത്

1)മുന്നിരിപ്പായി കാണിച്ചിട്ടുള്ള 31465/-രൂപ അനുവദിച്ച വർഷവും പ്രോജക്ട് വിവരങ്ങളും ലഭ്യമായില്ല.

2)എം.ആർ.എഫ് സെന്ററിലേയ്ക്ക് വാഹനം വാങ്ങുവാൻ അനുവദിച്ച 771200/-രൂപ ROP ആയി അടവാക്കണമെന്നുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം (നം-11(1),5.10.21) നടപ്പായിട്ടില്ല. തുക തിരികെ

അടവാക്കി വിവരമറിയിക്കേണ്ടതാണ്
3)വാർഷികകണക്കിൽ വരവ് രേഖപ്പെടുത്തിയിട്ടുള്ള 7ലക്ഷം രൂപ (Direct Credit) അങ്കണവാടി കെട്ടിടനിർമാണത്തിന് എം.ജി.എൻ.ആർ.ഇ.ജി.എസിന് അനുവദിച്ച തുകയാണ്.
4) 2 ലക്ഷം രൂപ നേരിട്ട് ചെലവഴിച്ചത് ( പ്രോജക്ട് നം. 6/22, ഭിന്നശേഷി Scholorship) ഉൾപ്പെടെ ആകെ ചെലവ് 1759531/- രൂപയാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ് | പള്ളിപ്പാലം ചിറ മെറ്റാലിക്ക് ഷട്ടർ സ്ഥാപിക്കൽ | ചെലാൻ നം 128 തീ 25.12.2021 | 1142000 | 0 | 1142000 |
| കേരള വാട്ടർ അതോറിറ്റി | മണിമലക്കുന്ന് കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 401/04.02.22 | 138000 | 0 | 138000 |
| | മണിമലക്കുന്ന്-ചെള്ളയ്ക്കാപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 402/04.02.22 | 300000 | 286449 | 13551 |
| | ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ കട്ട് ചെയ്തത് | 583/24.03.22 | 100000 | 0 | 100000 |

വാർഷിക ധനകാര്യപത്രികയിലെ B-18 ഷെഡ്യൂൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 508028/-രൂപയും (ഹെഡ്-460500201), കെ.എസ്.ഇ.ബിയിൽ 38026/-രൂപയും (ഹെഡ്-460500202) ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4,00,000/-രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (കൈ) 2278/2018/ ത.സ്വ.ഭ.വ./ 18.8.2018 | 400000 | 1832147 | * 1173334 | 0 | 1058813.00 |

* Go Project
1) 168/22-66,000/-രൂപ, ലൈഫ് വായ്പ എസ്.സി
2) 174/22-90,000/-രൂപ, ലൈഫ് വായ്പ എസ്.സി

3) 165/22- 1,46,667/-രൂപ, ലൈഫ് വായ്പ എസ്.സി
4) 166/22- 3,22,667/-രൂപ, ലൈഫ് വായ്പ ജനറൽ
5) 173/22- 3,06,000/-രൂപ, ലൈഫ് വായ്പ ജനറൽ
5) 167/22- 2,42,000/-രൂപ, ലൈഫ് വായ്പ ജനറൽ

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2014-15 | 2.2 | 2016-17 | 2.2 | തൊഴിൽ നികുതി | 28.09.2018 ൽ എ1/ 5472 /16 നമ്പർ കത്ത് പ്രകാരം മറുപടി നൽകി |
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66751772.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70132953.00 |
| വരവിനങ്ങളിലുള്ള നഷ്ടം | .00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | .00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4316969.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 65,986 | ഡോ.സൂര്യമോൾ വി എസ്,മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-12-1 | 1,11,235 | ഡോ.സാവിത്രി ഐ കെ,മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) |
| 1-12-2 | 17,01,751 | ഡോ.ജോർളിൻ ജോസ്,മെഡിക്കൽ ഓഫീസർ(ആയുർവേദം) |

| | | |
|---|---|---|
| 1-13(സി) | 87360 | ഡോ.സാവിത്രി ഐ. കെ, മെഡിക്കൽ ഓഫീസർ,(എഫ് എച്ച് സി) |
| 1-13(ഡി) | 93351 | ഡോ.സാവിത്രി ഐ. കെ, മെഡിക്കൽ ഓഫീസർ,(എഫ് എച്ച് സി) |
| 1-16 | 546786 | ശ്രീ പി ആർ മോഹൻകുമാർ,സെക്രട്ടറി |
| 1-18 | 4,38,000 | ശ്രീ പി ആർ മോഹൻകുമാർ,സെക്രട്ടറി |
| 1-19 | 1,00,000 | ശ്രീ പി ആർ മോഹൻകുമാർ,സെക്രട്ടറി |
| 1-20 | 11,42,000 | ശ്രീ പി ആർ മോഹൻകുമാർ,സെക്രട്ടറി |
| 1-21 | 30,500 | ശ്രീ പി ആർ മോഹൻകുമാർ,സെക്രട്ടറി |
| ആകെ | 4316969 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സൂര്യമോൾ വിഎസ്, മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, തിരുമാറാടി ഗ്രാമപഞ്ചായത്ത് | കാരച്ചുവട്ടിൽ, ഉദയംപേരൂർ പി ഒ, എറണാകുളം,682307 |
| ഡോ.ഡോ.സാവിത്രി ഐ കെ, മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | മെഡിക്കൽ ഓഫീസർ,ഫാമിലി ഹെൽത്ത് സെന്റർ, തിരുമാറാടി ഗ്രാമപഞ്ചായത്ത് | സൌപർണ്ണിക, കാറ്റാടിയിൽ ലൈൻ, ഉദയംപേരൂർ പി ഒ, എറണാകുളം,682307 |
| ഡോ.ജോർളിൻ ജോസ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ, ആയുർവേദാശുപത്രി, തിരുമാറാടി ഗ്രാമപഞ്ചായത്ത് | കാരച്ചാലിൽ,മുടവൂർ പി ഒ,മൂവാറ്റുപുഴ, എറണാകുളം |
| ശ്രീ മോഹൻ കുമാർ പി ആർ, സെക്രട്ടറി, തിരുമാറാടി ഗ്രാമപഞ്ചായത്ത് | സേവനത്തിൽ നിന്നും വിരമിച്ചു | ശങ്കരവിലാസം, ഇലഞ്ഞി പി ഒ, എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 | എൽ.എഫ്.ഇ.(പി.3)175/96/ 7.3.96 | - |
| 1988-89 | എൽ.എഫ്.ഇ.(പി.2)1159/96/ 6.12.96 | - |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(3)/ 2018/ 24.7.19 | 11 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(5)/ 2018/ 24.7.19 | 2 |

| | | |
|---|---|---|
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(6)/ 2018/ 24.7.19 | 1 |
| 2002-03 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(7)/ 2018/ 24.7.19 | 4 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(8)/ 2018/ 24.7.19 | 5 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(9)/ 2018/ 24.7.19 | 1 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(10)/ 2018/ 24.7.19 | 3 |
| 2006-07 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(10)/ 2018/ 24.7.19 | 2 |
| 2007-08 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(12)/ 2018/ 24.7.19 | 6 |
| 2008-09 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(13)/ 2018/ 24.7.19 | 1 |
| 2009-10 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(14)/ 2018/ 24.7.19 | 2 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(15)/ 2018/ 24.7.19 | 9 |
| 2011-12 & 2012-13 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(16)/ 2018/ 24.7.19 | 5 |
| 2013-14 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(17)/ 2018/ 24.7.19 | 8 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.9) 1811/2016/ 25.2.17 | 13 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.9) 2440/2016/ 19.4.17 | 9 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി.9) 1779/2019/ 27.7.2020 | 5 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.9) 2022/2019/ 28.07.2020 | 5 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.9) 515/2021/ 31.03.2021 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി9)960/2022/ 08/08/2022 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്